# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1958**

07.12.2015-ൽ മറുപടിക്ക്

## ഭവന രഹിതരായ കുടുംബങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വന്തമായി ഭവനം ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) ലാന്റ് റവന്യൂ കമ്മീഷണറുടെ 26.11.2013- ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 4,70,606 കുടുംബങ്ങൾ ഉണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി ഈ സർക്കാർ 1/7/2011 മുതൽ 31.10.2015 വരെ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) പാലക്കാട് ജില്ലയിൽ ഹൗസിംഗ് ബോർഡിന് നിലവിൽ ഏതെല്ലാം പ്രോജക്ടുകൾ ആണുള്ളത്; വിശദാംശവും കാലികസ്ഥിതിയും വ്യക്തമാക്കാമോ? | (സി) വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

### ഭവനരഹിതരുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക്

| ജില്ല | സ്വന്തമായി ഭൂമിയുള്ളതും വീടില്ലാത്തവരും | സ്വന്തമായി വീടും, ഭൂമിയുമില്ലാത്തവർ |
|---|---|---|
| തിരുവനന്തപുരം | 22837 | 33229 |
| കൊല്ലം | 25336 | 16776 |
| ആലപ്പുഴ | 32887 | 8329 |
| പത്തനംതിട്ട | 12335 | 6727 |
| ഇടുക്കി | 36732 | 12525 |
| കോട്ടയം | 13301 | 10186 |
| എറണാകുളം | 34748 | 15984 |
| തൃശ്ശൂർ | 17282 | 11146 |
| പാലക്കാട് | 12194 | 32505 |
| മലപ്പുറം | 20923 | 9627 |
| വയനാട് | 24144 | 5866 |
| കോഴിക്കോട് | 15937 | 6222 |
| കണ്ണൂർ | 13643 | 4746 |
| കാസർഗോഡ് | 9097 | 5342 |
| **ആകെ** | **291396** | **179210** |

<u>അനുബന്ധം 2</u>

സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾക്കായി ഭവന നിർമ്മാണ ബോർഡ് മുഖേന സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്.

<u>സാഫല്യം ഭവന പദ്ധതി</u>

ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബ്ബലവിഭാഗക്കാർക്ക് സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും സർക്കാർ സബ്സിഡിയോടുകൂടിയും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതാണ് ഈ പദ്ധതി. 01.07.2011 മുതൽ 30.10.2015 വരെ ഈ പദ്ധതിയ്ക്കായി 331.70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ഗൃഹശ്രീ ഭവന പദ്ധതി</u>

കുറഞ്ഞത് രണ്ടോ/മൂന്നോ സെന്റ് ഭൂമിയെങ്കിലും സ്വന്തമായി കൈവശമുള്ള ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്കായി കുറഞ്ഞത് 30 ച. മീറ്റർ മുതൽ 60 ച. മീറ്റർ വരെ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിനായി സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ സർക്കാർ സബ്സിഡിയോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ പദ്ധതി. 2 ലക്ഷം രൂപ സബ്സിഡി ഉൾപ്പെടെ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിക്ക് സർക്കാർ ഓരോ വർഷവും ബഡ്ജറ്റിലൂടെ അനുവദിക്കുന്ന ധനസഹായത്തിന്റെ (സബ്സിഡി) തോതിനെ അനുസരിച്ചായിരിക്കും ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നത്.

2013-14-ലെ ബഡ്ജറ്റിൽ 10.50 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത വർഷം തെരഞ്ഞെടുത്ത 525 ഗുണഭോക്താക്കളിൽ 525 പേർക്ക് 1-ാം ഗഡുവും 517 പേർക്ക് 2-ാം ഗഡുവും 501 പേർക്ക് 3-ാം ഗഡുവും 485 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്.

2014-15 -ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 14.19 കോടി രൂപയിൽ 10.81 കോടി രൂപ ഭവന നിർമ്മാണ ബോർഡിന് റിലീസ് ചെയ്തിട്ടുണ്ട്. പ്രസ്തുത വർഷം തെരഞ്ഞെടുത്ത 709 ഗുണഭോക്താക്കളിൽ 620 പേർക്ക് 1-ാം ഗഡുവും 550 പേർക്ക് 2-ാം ഗഡുവും 413 പേർക്ക് 3-ാം ഗഡുവും 212 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്.

2015-16-ൽ 10.81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം അനുവദനീയമായ വീടുകൾക്കായി 842 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവരിൽ 446 പേർക്ക് 1-ാം ഗഡുവും 213 പേർക്ക് 2-ാം ഗഡുവും 89 പേർക്ക് 3-ാം ഗഡുവും 11 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്.

# അനുബന്ധം 3

ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2013-14, 2014-15, 2015-16 വർഷങ്ങളിലായി പാലക്കാട് ജില്ലയിൽ അനുവദിച്ച വീടുകളുടെയും, ഗഡുക്കൾ നൽകിയതിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച വീടുകൾ/സംഘടന വിഹിതം അടച്ചത് | ഗഡു വിതരണം ചെയ്തത് | | | |
|---|---|---|---|---|---|
| | | I | II | III | IV |
| 2013-14 | 73 | 73 | 66 | 59 | 56 |
| 2014-15 | 138 | 110 | 91 | 32 | 1 |
| 2015-16 | 135 | 62 | 20 | 1 | 0 |